പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 187 — 18.06.2013 ൽ മറുപടിക്ക്

## സ്റ്റേറ്റ് ഇ-മിഷൻ ടീം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഇ.എസ്. ബിജിമോൾ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ഇ-മിഷൻ ടീം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു വകുപ്പിന്റെ കീഴിലാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. വിവര സാങ്കേതിക വിദ്യാ വകുപ്പിന്റെ കീഴിലാണ് സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം പ്രവർത്തിക്കുന്നത്. |
| (ബി) നാഷണൽ ഇ-ഗവേണൻസ് മിഷന്റെ മാതൃകയിൽ സംസ്ഥാനത്തും ഇ-മിഷൻ ടീം രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ടീമിൽ സ്വകാര്യ കമ്പനികളിൽ നിന്നുള്ള എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. നിലവിൽ സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീമിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നാലു പേരും നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാർട്ട് ഗവൺമെന്റ് (NISG) തെരഞ്ഞെടുത്ത് സംസ്ഥാനത്ത് നിയോഗിച്ച ഏഴ് പേരും അല്ലാതെ സ്വകാര്യ കമ്പനികളിൽ നിന്ന് ആരെയും SeMT യിൽ ഉൾപ്പെടുത്തിയിട്ടില്ല |
| (സി) ഐ.ടി. മിഷന്റെ പ്രധാന പദ്ധതികളുടെയടക്കമുള്ള വിവരങ്ങൾ സ്വകാര്യ കമ്പനികൾക്ക് ചോർന്നു കിട്ടുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) ഐ.ടി മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളൊന്നും തന്നെ സ്വകാര്യ കമ്പനികൾക്ക് ചോർന്നു കിട്ടുകയില്ല. പദ്ധതികളെ സംബന്ധിച്ച വിവരങ്ങളെല്ലാം തന്നെ സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സൂക്ഷിച്ചിട്ടുള്ളത്. അവിടെ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ അതിന്റെ നടത്തിപ്പുകാർക്കു പോലും അറിയാൻ കഴിയാത്തവിധം സുരക്ഷാ മാനദണ്ഡങ്ങളും പ്രത്യേക സംവിധാനങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ